# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 815

30/06/2015-ൽ മറുപടിക്ക്

## നിയമ വിരുദ്ധ മരുന്നു വില്പന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജു<br>ശ്രീ.വി.ശശി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) നിയമ വിരുദ്ധമായി മരുന്നുകൾ വിൽക്കുന്നതിനുള്ള പരസ്യങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഇത്തരത്തിലുള്ള പരസ്യങ്ങളെക്കുറിച്ചും മരുന്നുകളുടെ ഉപയോഗം സംബന്ധിച്ചുമുള്ള ബോധവൽക്കരണത്തിനും നടപടികൾ സ്വീകരിക്കുമോ; | എ) & ബി) | സ്വയം ചികിത്സയ്ക്കും മരുന്നുപയോഗത്തിനും ഉതകുന്ന രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള Drugs & Magic Remedies (Objectionable Advertisement)Act 1954ന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി മരുന്നുകളെ സംബന്ധിച്ച് അദ്ഭുതകരമായ ഫലപ്രാപ്തിയും വ്യാജമായ അവകാശവാദങ്ങളും ഉന്നയിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ പത്രമാദ്ധ്യമങ്ങളിൽ വ്യാപകമാകുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്രമാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാനായും വകുപ്പ് മലയാളം/ഇംഗ്ലീഷ് ദിനപത്രങ്ങളുടെ ചീഫ് എഡിറ്റേഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) വിവിധ തരം രോഗാവസ്ഥകൾ മരുന്നുകൾ മുഖേന ഭേദമാക്കാമെന്ന യാതൊരു അവകാശവാദവും ഉന്നയിക്കരുതെന്ന് കേന്ദ്ര നിയമത്തിൽ | സി) | വിവിധതരം രോഗാവസ്ഥകൾ മരുന്നുകൾ മുഖേന ഭേദമാക്കാമെന്ന് യാതൊരു അവകാശവാദവും ഉന്നയിക്കുവാൻ പാടില്ല എന്ന് കേന്ദ്ര നിയമമായ Drugs & Cosmetics Act |

നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പരസ്യങ്ങൾ മുഖേനയുള്ള മരുന്ന് വില്പന തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

1940, Rules 1945 നു കീഴിലെ Schedule J-യിൽ പ്രതിപാദിച്ചിട്ടുണ്ട്. അദ്ഭുതകരമായ ഫലപ്രാപ്തിയും മരുന്നുകളെപ്പറ്റിയുള്ള തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളും നിയന്ത്രിക്കുന്നത് Drugs & Magic Remedies (Objectionable Advertisement) Act 1954 പ്രകാരമാണ്. ആയുർവേദ, അലോപ്പതി, ഹോമിയോ മരുന്നുകൾക്ക് ഈ ആക്ട് ബാധകമാണ്. അലോപ്പതി മരുന്നുകളുടെ വിഷയത്തിൽ ഈ ആക്ട് വളരെ കർശനമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഈ ആക്ടിലെ ചില പഴുതുകൾ ഉപയോഗിച്ച് അദ്ഭുതകരമായ ഫലപ്രാപ്തിയുണ്ടെന്ന് തെറ്റിദ്ധാരണ ഉളവാക്കുന്ന ആയുർവേദ മരുന്നുകളുടെ പരസ്യങ്ങൾ വ്യാപകമായി മാധ്യമങ്ങളിൽ കാണുന്നുണ്ട്. അടുത്ത കാലങ്ങളിൽ ദൃശ്യ ശ്രവണ മാധ്യമങ്ങളുടെ അതിപ്രസരം കാരണമാണ് ആയുർവേദ മരുന്നുകളുടെ ഇത്തരത്തിലുള്ള പരസ്യങ്ങൾ വ്യാപകമായിട്ടുള്ളത്. ഈ ആക്ടിന്റെ ലംഘനത്തിനെതിരായി എതാണ്ട് 126 ഓളം കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു. ഈ വിഷയത്തിൽ കൂടുതൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ